**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3611** | **12-03-2025 - ൽ മറുപടിയ്ക്ക്**

**ദ്വിവത്സര എൽ.എൽ.എം കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകാലശാലയിലെ അഫിലിയേറ്റഡ് ലോ കോളേജുകളിലെ ദ്വിവത്സര എൽ.എൽ.എം. കോഴ്സ് ഫലപ്രഖ്യാപനമുൾപ്പെടെ പൂർത്തിയാകുന്നതിന് രണ്ട് വർഷത്തിലധികം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കാമോ; | (എ) | **എൽ.എൽ.എം ഡിഗ്രി പരീക്ഷയ്ക്ക് മൂന്ന് തലത്തിലുള്ള മൂല്യനിർണ്ണയം ആണുള്ളത്. ഇതിൽ ആദ്യത്തെ മൂല്യനിർണ്ണയം കേരളായൂണിവേഴ്സിറ്റിയുടെ പരിധിക്ക് പുറത്തുള്ള കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകരാണ് നടത്തുന്നത്. പ്രസ്തുത മൂല്യനിർണയം നടത്തി ഉത്തരകടലാസുകൾ തിരികെ വരുത്തുന്നതിലുള്ള കാലതാമസം മൂലമാണ് എൽ.എൽ.എം പരീക്ഷാഫലം വൈകുന്നത്. പരീക്ഷാഫലം വൈകുന്നത് പരിഹരിക്കുന്നതിന് എൽ.എൽ.എം. പരീക്ഷകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണയം കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് വഴി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് പരീക്ഷാ രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനം നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | **എൽ.എൽ.എം പരീക്ഷാ രജിസ്ട്രേഷൻ ഓൺലൈനായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ